## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് ശ്രീ. സനിൽ കുമാർ ഒ.പി. ഡ്രൈവർ ഗ്രേഡ് 2 താലൂക്ക് ആശുപത്രി പയ്യന്നൂർ പേര് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 4/5/2018ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/7851/2018 നമ്പർ കത്ത്.
2) സ.ഉ. (എം.എസ്) നം 338/2013 ആ.കു.വ തീയതി 25/7/2013
3) 5/9/2013ലെ കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/10557/2013 നമ്പർ ഉത്തരവ്
4)ഉത്തരവ് നം. ഇ.എസ്.2/7000/2015/ആ.വ.ഡ തീയതി 18/9/2015.
5)25/7/2018ലെ ഇതേ നമ്പർ നോട്ടീസ്.

### ഉത്തരവ് നം: ഇ.എസ്.2/7000/2017/ആ.വ.ഡ തീയതി: 23/8/2018

ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ രണ്ടാം ഗ്രേഡ് ഡ്രൈവർ സനിൽ കുമാർ ഒ.പി. യുടെ അപേക്ഷ സൂചന (1) പ്രകാരം അയച്ച് തന്നിരുന്നു.

ശ്രീ. സനിൽ കുമാർ ഒ.പി. ആശ്രിത നിയമനം വഴി സൂചന (2) പ്രകാരമുള്ള സർക്കാർ, ഉത്തരവിൻെറയും സൂചന (3)പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെയും ഉത്തരവിൻെറ അടിസ്ഥാനത്തിൽ 13/9/2013ന് രണ്ടാം ഗ്രേഡ് ഡ്രൈവറായി ജോലിയിൽ പ്രവേശിച്ചു. ടിയാൻെറ ഓപ്ഷൻ ജില്ലയായ കണ്ണൂർ ജില്ലയിൽ ഒഴിവില്ലാത്തതിനാൽ ടിയാനെ കോഴിക്കോട് ജില്ലയിൽ നിയമിക്കുകയും ചെയ്തു. 13/9/2015ൽ ടിയാൻ പരിവീക്ഷാകാലം പൂർത്തീകരിക്കുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരമുള്ള ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 111 എ എന്ന നമ്പറായി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ച് സൂചന 5 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത തീരുമാനത്തിനെതിരെ നാളിതുവരെ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ. സനിൽ കുമാർ ഒ.പി. യെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

വിശദവിവരം താഴെകൊടുക്കുന്നു.

| നം | പേര് | ജനന തിയതി | യോഗ്യത | പി.എസ്.സി.യുടെ ശുപാർശ തിയതി സർക്കാർ ഉത്തരവ്/ഡി.എച്ച്.എസ്. ഡി.എം.ഒ. എന്നിവരുടെ നിയമന ഉത്തരവ് | ജോലിയിൽ പ്രവേശിച്ച തീയതി | പുതുക്കിയ റാങ്ക് നമ്പർ | നിലവിലെ റാങ്ക് നമ്പർ | സീനിയോറിറ്റി കണക്കാക്കിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | Anil S. | 12/1/73 | SSLC<br>HGMV<br>HPMV | Adv No. DTD(2)3446/08(6)KPSC/TVM Dtd 4/9/2013 & A2/20211/13/DMO(H) TVM dtd 11/10/13 | 1/11/13 | 111 | | 4/9/13 | |
| 2 | Sanil Kumar O.P. | 19/3/73 | | GO (MS) No. 338/2013/ ആ.കു.വ. തീയതി 25/7/13<br>A2/10557/13/DHS/Dtd 5/9/13 | 13/9/13 | | 111A | 5/9/13 | |
| 3 | Biju T.O. | 10/2/82 | Plus Two<br>HGMV<br>HPMV | Adv No PII (1) 2126/06/KPSC/PKD/Dtd 23/9/2013 and A2/4036/05/DMO(H) PKD/Dtd 21/10/2013 | 4/11/13 | 112 | | 20/9/13 | |

സൂചന 4 ഉത്തരവ് ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

(ഒപ്പ്)
അജയമോഹൻ സി.എം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്: 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) സൂപ്രണ്ട് താലൂക്ക് ആശുപത്രി, പയ്യന്നൂർ
3) ശ്രീ. സനിൽ കുമാർ ഒ.പി.

അംഗീകാരത്തോടെ

സൂപ്രണ്ട്